കവർസ്റ്റോറി

●

യോഗിന്ദർ സിക്കന്ദ്

# ഇന്ത്യൻ മുസ്‌ലിംകളും 'ഭീകരത'യും ഉത്തരം തേടുന്ന ചില ചോദ്യങ്ങൾ

**മുസ്‌ലിം ആരാധനാലയങ്ങളെയും മുസ്‌ലിംകൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളെയും ആക്രമിക്കുന്നത് മുസ്‌ലിം ഭീകരർ തന്നെ എന്ന ഇന്റലിജൻസ് അവകാശവാദം പരിശോധിക്കപ്പെടേണ്ടതാണ്. ഏതെങ്കിലും ഹിന്ദുത്വ സംഘങ്ങളാവാം അവ നടത്തിയിട്ടുണ്ടാവുക. മീഡിയയും പോലീസും ഇന്റലിജൻസ് ഏജൻസികളും അത് അംഗീകരിക്കാൻ കൂട്ടാക്കുന്നില്ലെന്നു മാത്രം.**

**രാജ്യത്തിന്റെ** പല ഭാഗങ്ങളിൽ ഈയിടെയുണ്ടായ സ്ഫോടനങ്ങളിൽ ചിലത് ഇസ്‌ലാമിസ്റ്റ് ഗ്രൂപ്പുകളുടെയോ മുസ്‌ലിംവിരുദ്ധ കലാപങ്ങൾക്ക് പ്രതികാരം ചെയ്യാനിറങ്ങിയ മുസ്‌ലിംകളുടെയോ കൈവേലയല്ലെന്നതിന് വേണ്ടത്ര തെളിവുകളുണ്ട്. പക്ഷേ ഇന്ത്യയിലെ മുഖ്യധാരയെന്ന് വിളിക്കപ്പെടുന്ന മാധ്യമങ്ങൾ അക്കാര്യം കരുതലോടെ അവഗണിക്കുന്നു. അത്തരം എല്ലാ ആക്രമണങ്ങൾക്കും ഇന്റലിജൻസ് ഏജൻസികളും മീഡിയയും പഴിചാരുന്നത് മുസ്‌ലിംകളെയാണ്; അതങ്ങനയേ വരൂ എന്ന മട്ടിൽ. ഹിന്ദു ഉടമസ്ഥതയിലുള്ള ഈ മീഡിയാ സംവിധാനങ്ങൾക്ക് മതേതര പൊയ്മുഖങ്ങളുണ്ടെങ്കിലും, അവ ആഴത്തിൽ മുസ്‌ലിംവിരുദ്ധമാണ് എന്നതാണതിന് കാരണം. നിരവധി സ്ഫോടനങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ചത് ഹിന്ദുത്വ ഭീകര സംഘടനകളായേക്കാം എന്ന് മതേതര മനുഷ്യാവകാശ സംഘടനകളും നിരവധി മുസ്‌ലിംകളും ആരോപണമുയർത്തിയിട്ടും അതേക്കുറിച്ച് മീഡിയ ശിലാമൗനം പൂണ്ടിരിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല.

ചില മുസ്‌ലിം തീവ്രവാദിഗ്രൂപ്പുകൾ ഇത്തരം ചില സ്ഫോടനങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ചിരിക്കാമെന്ന സാധ്യതയെ ഞാൻ തള്ളിക്കളയുന്നില്ല. അങ്ങനെയും സംഭവിച്ചെന്നിരിക്കും. ഗുജറാത്തിലെ ഹിന്ദുത്വ ഭീകരതയുടെയോ അല്ലെങ്കിൽ സ്റ്റേറ്റ് ഭീകരതയുടെയോ നിസ്സഹായരായ ഇരകൾ പ്രതികാരമെന്നോണം അക്രമത്തിന്റെ മാർഗം സ്വീകരിച്ചേക്കുമെന്നത് തള്ളിക്കളയാനാവില്ല. മുഖ്യധാര നമ്മെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നത് എല്ലാ സ്ഫോടനങ്ങൾക്ക് പിന്നിലും മുസ്‌ലിംകളാണെന്നാണ്. അതിന് വിരുദ്ധമായി, ചില സ്ഫോടനങ്ങളെങ്കിലും മുസ്‌ലിംകളുടെ കൈയാലല്ല എന്നാണ് എന്റെ പക്ഷം.




ഹിന്ദു വലതുപക്ഷം അതിന്റെ രൂപീകരണകാലം തൊട്ടേ ഹിന്ദുവികാരങ്ങൾ ആളിക്കത്തിക്കാനും അങ്ങനെ വോട്ടുകൾ അടിച്ചെടുക്കാനും ഭീകരതയെ നിരന്തരം മുഖ്യായുധമായി ഉപയോഗിച്ചു പോന്നിട്ടുണ്ട്. സുപ്രധാന തെരഞ്ഞെടുപ്പ് സന്ദർഭങ്ങളിൽ ഇത് പ്രത്യേകമായി വേറിട്ടു തന്നെ കാണാം. ഇന്ന് നാം അത്തരമൊരു തെരഞ്ഞെടുപ്പ് സന്ദർഭത്തിലാണല്ലോ. ഇവർ ഭീകരതയെ കൂട്ടുപിടിക്കാൻ വ്യക്തമായ കാരണവും ഉണ്ട്. ഇന്ത്യയിൽ ബഹുഭൂരിപക്ഷം വരുന്ന ദലിതുകൾ, ആദിവാസികൾ, മറ്റു പിന്നാക്ക വിഭാഗങ്ങൾ എന്നിവരുടെ താൽപര്യങ്ങൾക്ക് കടകവിരുദ്ധമാണ് ഹിന്ദുവലതുപക്ഷത്തിന്റെ രാഷ്ട്രീയ അജണ്ട. ഈ വിഭാഗങ്ങളെ ആകർഷിക്കാൻ മുസ്‌ലിം വിദ്വേഷം കുത്തിയിളക്കു

കയല്ലാതെ മറ്റൊരു മാർഗവും അവരുടെ മുമ്പിലില്ല. അതുകൊണ്ടുതന്നെ ഹിന്ദുവലതുപക്ഷത്തിന്റെ ഏറ്റവും സുപ്രധാന രാഷ്ട്രീയ അടിത്തറ മുസ്‌ലിംവിരുദ്ധത (ഇപ്പോൾ ക്രിസ്ത്യൻ വിരുദ്ധതയും) ആയിത്തീരുന്നതിൽ ഒട്ടും അതിശയോക്തിയില്ല. ഹിന്ദുത്വരാഷ്ട്രീയത്തിന്റെ തുടക്കം മുതലേ ഇതുതന്നെയായിരുന്നു സ്ഥിതി. 1947ൽ ഇന്ത്യ സ്വാതന്ത്ര്യം നേടിയ ഉടനെ ഇന്നത്തെ ബി.ജെ.പിയുടെ ആദിരൂപമായ ജനസംഘം കടുത്ത വികാരക്ഷോഭം സൃഷ്ടിക്കുന്ന രീതിയിൽ ഗോസംരക്ഷണം, ജമ്മു-കശ്മീരിന് നൽകപ്പെട്ട അർധ സ്വയംഭരണ പദവി എന്നീ വിഷയങ്ങൾ ഏറ്റെടുത്തു. മുസ്‌ലിംകൾക്കെതിരെ ഹിന്ദുവികാരം ഉണർത്തുക, അങ്ങനെ വോട്ട് നേടുക ഇതായിരുന്നു ലക്ഷ്യം. അതേ വഴിതന്നെയാണ് ബി.ജെ.പിയും പിന്തുടർന്നത്. ഷാബാനു കേസ് വിധിക്കെതിരിലുള്ള പ്രക്ഷോഭവും ബാബരി മസ്ജിദ് തകർക്കലിൽ കലാശിച്ച രക്തപങ്കിലമായ കാമ്പയിനുകളും ഉദാഹരണം. ഇന്ന് ഹിന്ദുത്വ വെടിക്കോപ്പ്ശാലയിലെ ഏറ്റവും പുതിയ ആയുധമാണ് 'മുസ്‌ലിം ഭീകരത'. മുസ്‌ലിംവിദ്വേഷം വളർത്തി വോട്ട് കൈക്കലാക്കാൻ ഇത് മതിയാവുമെന്ന് അവർ കണക്കുകൂട്ടുന്നു. ഹിന്ദുത്വവാദികൾ ബോംബ് നിർമാണത്തിൽ ഏർപ്പെട്ട നിരവധി കേസുകളാണ് അടുത്ത കാലത്തായി വെളിച്ചം കണ്ടത്. മഞ്ഞുകട്ടയുടെ പൊങ്ങിക്കിടക്കുന്ന ഒരു തുമ്പ് മാത്രമാവാം ഇത്.

കഴിഞ്ഞ ഏതാനും വർഷങ്ങളിൽ രാജ്യം സാക്ഷിയായ ചില ബോംബ് സ്ഫോടനങ്ങളുടെയെങ്കിലും പിറകിൽ ഹിന്ദുത്വശക്തികളാവാം എന്ന സാധ്യതയാണ് ഇതെല്ലാം ഉയർത്തിക്കാട്ടുന്നത്. ഇന്റലിജൻസ് ഏജൻസികളും മീഡിയാ പ്രമുഖരും ഇതൊക്കെ 'റാഡിക്കൽ ഇസ്‌ലാമിസ്റ്റു'കളുടെ പണിയാണെന്ന് വരുത്തിത്തീർത്ത്, എല്ലാം അറിഞ്ഞുകൊണ്ടുതന്നെ ഹിന്ദുത്വശക്തികൾക്ക് കൂട്ടുനിന്നിട്ടുമുണ്ടാവാം. മാത്രവുമല്ല, ഹിന്ദുത്വ അജണ്ടക്ക് പൂർണമായും അനുഗുണമാവുന്ന വിധത്തിലാണല്ലോ കാര്യങ്ങൾ പുരോഗമിക്കുന്നത്. വേണ്ടത്ര മുസ്‌ലിംവിരുദ്ധ വെടിക്കോപ്പുകൾ ഇതിനകം തന്നെ അവർ ശേഖരിച്ചുകഴിഞ്ഞു. സ്ഫോടനങ്ങളെ തുടർന്ന് മുസ്‌ലിംകളോടുള്ള വിദ്വേഷവും അവരെക്കുറിച്ച സംശയങ്ങളും ഉച്ചസ്ഥായിയിലാണ്. ഇത് ഹിന്ദുത്വ ബ്രിഗേഡിനല്ലാതെ മറ്റാർക്കാണ് ഗുണം ചെയ്യുക?

മറ്റൊരു വശമുണ്ട്. ഓരോ ബോംബ് സ്ഫോടനവും മുസ്‌ലിംവിദ്വേഷം കൂടുതൽ ആളിക്കത്തിക്കുകയും അതവർക്ക് തന്നെ ദോഷകരമായി തീരുകയുമാണ്. മിക്ക സ്ഫോടനങ്ങൾക്ക് പിറകിലും മുസ്‌ലിംകളായിരിക്കില്ല എന്നാണ് ഇതിൽനിന്ന് നിഗമനത്തിലെത്താനാവുക. ഇന്റലിജൻസ് ഏജൻസികളും മീഡിയയും നമ്മോട് പറയുന്നത് നേരെ വിരുദ്ധമായ കാര്യങ്ങളാണെങ്കിലും. ഈ സംശയത്തെ ബലപ്പെടുത്തുന്നതാണ് എണ്ണമറ്റ വ്യാജ ഏറ്റുമുട്ടലുകളെക്കുറിച്ച് വന്നുകൊണ്ടിരിക്കുന്ന വിശ്വസനീയമായ റിപ്പോർട്ടുകൾ. ഇന്റലിജൻസ് ഏജൻസികളും പോലീസും കടുത്ത മുസ്‌ലിംവിരുദ്ധതയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന മീഡിയയും ഉൾപ്പെട്ട ഇത്തരം സംഭവങ്ങളിൽ നിരപരാധരായ മുസ്‌ലിം ചെറുപ്പക്കാർ പിടികൂടപ്പെടുന്നു, കൊടുംഭീകരർ എന്ന് ചാപ്പകുത്തപ്പെടുന്നു, അവർ ഒന്നുകിൽ വർഷങ്ങളോളം പീഡിപ്പിക്കപ്പെടുന്നു, അല്ലെങ്കിൽ തോക്കിന്നിരയായി മരിച്ചുവീഴുന്നു.

നശീകരണത്തിന്റെ സാങ്കേതിക വിദ്യ നന്നായി വശമുള്ള മുസ്‌ലിം ഗ്രൂപ്പുകളാണ് സ്ഫോടനങ്ങൾക്ക് പിന്നിൽ എന്നാണല്ലോ വാദിക്കപ്പെടുന്നത്. എങ്കിൽ എന്തുകൊണ്ട് ഈ ഗ്രൂപ്പുകൾ മിക്കപ്പോഴും സാധാരണക്കാർ എന്ന 'മൃദു' ലക്ഷ്യത്തിനു നേരെ (അധികവും പാവങ്ങളും താഴെ തട്ടിലുള്ള മധ്യവർഗങ്ങളും താമസിക്കുന്ന പ്രദേശങ്ങളിൽ) ബോംബെറിയുന്നു? അവർക്കെന്തുകൊണ്ട് തന്ത്രപരമായി 'പ്രധാനപ്പെട്ട' സ്ഥാപനങ്ങളെയും സ്ഥലങ്ങളെയും വ്യക്തികളെയും ലക്ഷ്യം വെച്ചുകൂടാ? മീഡിയ പ്രചരിപ്പിക്കുന്നതുപോലെ 'സിമി'യാണ് ഇതിന്റെയൊക്കെ പിന്നിലെങ്കിൽ, സംഘടനയുടെ നിരോധം നീക്കിക്കിട്ടാനും കോടതി നിശ്ചയിച്ച ട്രൈബ്യൂണലിന്റെ വിധികളെ ചോദ്യം ചെയ്യാനും അതിന്റെ ആളുകൾ എന്തിന് മെനക്കെടുന്നു? ഭീകരമായ സ്ഫോടനങ്ങൾ നടത്തിക്കൊണ്ടിരുന്നാൽ നിരോധം നീങ്ങിക്കിട്ടാനുള്ള തങ്ങളുടെ ശ്രമങ്ങൾക്ക് അത് തിരിച്ചടിയാവുമെന്ന് അവർക്കറിയില്ലേ?

മുൻ സിമിക്കാർ ഉൾപ്പെട്ട കേസുകളിൽ ഒന്നിൽ പോലും അവർ ഭീകരപ്രവർത്തനത്തെ പ്രോത്സാഹിപ്പിച്ചതിന് തെളിവൊന്നുമില്ലെന്ന് തെഹൽകയുടെ ധീരനായ റിപ്പോർട്ടർ അജിത് സാഹി ഈയിടെ കണ്ടെത്തിയപ്പോൾ, മീഡിയയും ഇന്റലിജൻസ് ഏജൻസികളും പെട്ടെന്ന് അവരുടെ ശ്രദ്ധ മറ്റൊരു സംഘടനയിലേക്ക് തിരിച്ചുവിട്ടു- ഇന്ത്യൻ മുജാഹിദീൻ(ഐ.എം). ഇങ്ങനെയൊരു സംഘടനയെ തങ്ങൾ കണ്ടെത്തിയെന്നും നിരവധി സ്ഫോടനങ്ങൾക്ക് പിന്നിൽ ആ സംഘമാണെന്നുമായി പിന്നെ അവകാശവാദം.

**ഭീകരതയുടെ പേരിൽ നിരന്തരം വേട്ടയാടപ്പെടുകയും ഏതു അക്രമസംഭവവും തലയിൽ വെച്ചുകെട്ടപ്പെടുകയും ഹിന്ദുത്വ വലതുപക്ഷം ശ്രമിക്കുന്നതുപോലെ സമുദായത്തെ മൊത്തം പിശാച്‌വത്കരിക്കുകയും ചെയ്യുമ്പോൾ കഥ കഴിക്കാനായി ചുമരിലേക്ക് ചേർത്ത് നിർത്തപ്പെട്ട നിലയിലായിത്തീരും മുസ്‌ലിംകൾ. അത് വിനാശകരമായ ആഭ്യന്തര കലാപങ്ങളിലേക്ക് വഴിതുറന്നുകൂടെന്നില്ല. ഈ ആപത്കരമായ പരിണതി റാഡിക്കൽ ഇസ്‌ലാമിസ്റ്റുകളെയും ഹിന്ദുത്വഭീകരരെയും സന്തോഷിപ്പിച്ചേക്കാമെങ്കിലും, രാജ്യത്ത് സമാധാനത്തോടെ ജീവിക്കണമെന്ന് ആഗ്രഹിക്കുന്ന ബഹുഭൂരിഭാഗം വരുന്ന മുസ്‌ലിംകൾക്കും ഹിന്ദുക്കൾക്കും അത് ഇടിത്തീ ആയിത്തീരുമെന്ന് തീർച്ച.**



*മാലേഗാവ് സ്ഫോടന കേസിൽ പിടിയിലായ സന്യാസിനി പ്രഗ്യാ സിംഗ് താക്കൂർ*

യഥാർഥത്തിൽ ഇങ്ങനെയൊരു സംഘം ഉണ്ട് എന്നതിന് തെളിവൊന്നുമില്ല. ഏക പക്ഷീയമായി ചാപ്പകുത്തപ്പെടുകയും ഐ.എം നേതാക്കളായും 'മാസ്റ്റർ മൈന്റു'കളായും ആരോപിക്കപ്പെട്ട് വധി ക്കപ്പെടുകയും ചെയ്ത നിരപരാധിക ളുടെ എണ്ണം വെച്ചു നോക്കുമ്പോൾ, ചിലർ വാദിക്കുന്നതുപോലെ, ചില മാധ്യമ പ്രവർത്തകരുടെയോ ഇന്റലി ജൻസ് ഏജൻസികളുടെയോ ഭാവനാവി ലാസമായിരിക്കാം ഈ ഇന്ത്യൻ മുജാഹി ദീൻ.

അടുത്ത കാലത്തുണ്ടായ പല സ്ഫോടനങ്ങളും നടന്നത് മുസ്‌ലിംകൾ കൂടുതലായി പാർക്കുന്ന സ്ഥലങ്ങളിലാ ണ്. മാലേഗാവ്, ഗുജറാത്തിലെ മൊഡാസ പോലുള്ള സ്ഥലങ്ങളിൽ. അല്ലെങ്കിൽ മുസ്‌ലിം ആരാധനാ സ്ഥല ങ്ങളായ ഹൈദരാബാദിലെ മക്കാ മസ്ജി ദ്, അജ്മീർ ദർഗ, ദൽഹിയിലെ ജാമിഅ മസ്ജിദ് എന്നിവിടങ്ങളിൽ. മുസ്‌ലിം ആരാധനാലയങ്ങളെയും മുസ്‌ലിംകൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളെയും ആക്ര മിക്കുന്നത് മുസ്‌ലിം ഭീകരർ തന്നെ എന്ന ഇന്റലിജൻസ് അവകാശവാദം പരിശോ ധിക്കപ്പെടേണ്ടതാണ്. ഇത്തരം ആക്രമണ ങ്ങൾക്ക് പിന്നിൽ മുസ്‌ലിംകളാവാൻ സാധ്യത കാണുന്നില്ല. ഏതെങ്കിലും ഹിന്ദുത്വ സംഘങ്ങളാവാം അവ നടത്തി യിട്ടുണ്ടാവുക. മീഡിയയും പോലീസും ഇന്റലിജൻസ് ഏജൻസികളും അത് അംഗീകരിക്കാൻ കൂട്ടാക്കുന്നില്ലെന്നു മാത്രം.

പ്രശസ്ത ചരിത്രകാരൻ അമരേഷ് മിശ്ര ഈയിടെ എഴുതിയ ഒരു ലേഖനം ഇന്റർനെറ്റിൽ വ്യാപകമായി പ്രചരിപ്പിക്ക പ്പെട്ടിരുന്നു. ചില സ്ഫോടനങ്ങൾക്ക് പിന്നിൽ അമേരിക്കൻ രഹസ്യാന്വേഷണ വിഭാഗത്തിന്റെ കൈകളായിരിക്കാം എന്നാണ് അദ്ദേഹം എഴുതിയത്. ഇന്ത്യൻ രഹസ്യാന്വേഷണ വിഭാഗവുമായി സഹ കരിച്ച് പ്രവർത്തിക്കുന്ന ഇസ്രയേലീ ചാര സംഘടനയായ മൊസാദിനെ പ്രതിസ്ഥാ നത്ത് നിർത്തുന്നവരും ഉണ്ട്. ഈ വശവും കൂടുതൽ അന്വേഷണം ആവ ശ്യപ്പെടുന്നു. ഈ ശക്തികളെല്ലാം മുസ്‌ലിംവിരുദ്ധ അജണ്ടയിൽ നിർണയിക്കപ്പെടുന്ന ഒരു പൊതുവീ ക്ഷണം പങ്കുവെക്കുന്നുണ്ട്. മീഡിയ മുസ്‌ലിംകളിൽ ആരോപിക്കുന്ന ബോംബ് സ്ഫോടനങ്ങളും 'ഭീകര ന്മാരു'മായുള്ള വ്യാജ ഏറ്റുമുട്ടലുകളിൽ മുസ്‌ലിം യുവാക്കൾ വധിക്കപ്പെടുന്നതു മെല്ലാം ഈ പൊതു ലക്ഷ്യത്തിലേക്കുള്ള ചവിട്ടുപടികൾ ആയിരിക്കാൻ മതി. അതു വഴി ഇന്ത്യ-അമേരിക്ക- ഇസ്രയേൽ അച്ചു തണ്ടിനെ കൂടുതൽ ബലപ്പെടുത്തുകയും ചെയ്യാം.

സ്ഫോടനങ്ങളും തുടർന്നുള്ള സംഭവവികാസങ്ങളും ഇന്ത്യൻ മുസ്‌ലിം കൾക്ക് ഏൽപിച്ച ആഘാതം അതീവ മാരകമാണ്. നൂറു കണക്കിന് മുസ്‌ലിം കളെ പിടികൂടി ജയിലിലടച്ചു. അവർ മൃഗീയമായി പീഡിപ്പിക്കപ്പെട്ടു. തെറ്റായ 'കുറ്റസമ്മതങ്ങൾ' നടത്താൻ നിർബന്ധി ക്കപ്പെട്ടു. പല മുസ്‌ലിം യുവാക്കളെയും 'ഭീകരർ'എന്ന ചാപ്പകുത്തി വെടിവെച്ചു കൊന്നു. രാജ്യത്തിന്റെ മിക്ക ഭാഗങ്ങ ളിലും മുസ്‌ലിംകൾ, തട്ടിപ്പടച്ചുണ്ടാക്കിയ എന്തെങ്കിലും ദുർബലമായ കാരണങ്ങൾ പറഞ്ഞ് തങ്ങളെ പോലീസ് പിടികൂടിയേ ക്കുമോ എന്ന നിതാന്ത ഭീതിയിലാണ് കഴിയുന്നത്. മുസ്‌ലിം സംഘടനകൾക്ക് അവയുടെ ഊർജവും വിഭവങ്ങളും തങ്ങൾക്കെതിരെ ഉയരുന്ന ഭീകരതയെ പ്രോത്സാഹിപ്പിക്കുന്നവർ എന്ന വ്യാജാ രോപണത്തെ പ്രതിരോധിക്കാൻ വിനി യോഗിക്കേണ്ടിവരുന്നു. സമുദായ പുരോ ഗതിക്കും ആഭ്യന്തര നവീകരണത്തിനും വേണ്ടി അവർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ ഇത് സാരമായി ബാധി ക്കുന്നുണ്ട്. കടുത്ത മുസ്‌ലിംവിരുദ്ധ തയും വിദ്വേഷവും സൃഷ്ടിക്കപ്പെട്ടുകൊ ണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ, പൗരന്മാർ എന്ന നിലയിൽ മുസ്‌ലിം കൾക്ക് ലഭിക്കേണ്ട ഭരണഘടനാപരമായ അവകാശങ്ങൾക്ക് വേണ്ടി (സച്ചാർ കമീ ഷൻ റിപ്പോർട്ടിലെ നിർദേശങ്ങൾ പോലു ള്ളവ) ഭരണകൂടം എന്തെങ്കിലും ചെയ്യാ നുള്ള സാധ്യതയും വിദൂരമായിക്കൊണ്ടി രിക്കുന്നു. ഇനി ഭരണകൂടം വല്ലതും ചെയ്യാൻ തുനിഞ്ഞാൽ തന്നെ മുമ്പത്തേ ക്കാളേറെ കടുത്ത എതിർപ്പ് ഹിന്ദുപ ക്ഷത്ത് നിന്ന് ഉണ്ടാവുകയും ചെയ്യും. സ്വകാര്യ മേഖലയിൽ ഉയർന്ന ജോലിയി ലിരുന്ന നല്ല യോഗ്യതയുള്ള മുസ്‌ലിം കൾക്കാണ് ഭീകരന്മാരെന്ന വ്യാജമുദ്ര പതിച്ച് നൽകിയത്. ഇത് വിദ്യാസമ്പന്ന രായ മുസ്‌ലിം ചെറുപ്പക്കാർക്ക് സ്വകാര്യ മേഖലയിൽ ജോലി കിട്ടാൻ മുമ്പത്തേ ക്കാളേറെ പ്രയാസങ്ങൾ ഉണ്ടാക്കും. നേര ത്തേതന്നെ ഈ മേഖലയിൽ മുസ്‌ലിം സാന്നിധ്യം നാമമാത്രമാണ്.

ഇസ്‌ലാമിസ്റ്റ് തീവ്രവാദി ഗ്രൂപ്പുകൾ നടത്തുന്നതായാലും ഹിന്ദുത്വത്തോടോ സ്റ്റേറ്റ് ഭീകരതയോടോ പ്രതികാരം ചെയ്യാ നായി നടത്തുന്നതായാലും മുസ്‌ലിംക ളുടെ പേരിൽ മുസ്‌ലിംകളല്ലാത്തവർ നട ത്തുന്നതായാലും അത് സമുദായത്തെ ആഴത്തിൽ മുറിപ്പെടുത്തുമെന്ന് മുസ്‌ലിം കൾ മനസ്സിലാക്കേണ്ടതുണ്ട്. സ്റ്റേറ്റ് ഭീക രതയും ഹിന്ദുത്വഭീകരതയും ഒടുവിൽ ഹിന്ദുസമുദായത്തിനു തന്നെ തിരിച്ചടി യാവുമെന്ന് ഹിന്ദുക്കളും മനസ്സിലാക്ക ണം. കാരണം ഭീകരതയുടെ പേരിൽ നിര ന്തരം വേട്ടയാടപ്പെടുകയും ഏതു അക്ര മസംഭവവും തലയിൽ വെച്ചുകെട്ടപ്പെടു കയും ഹിന്ദുത്വ വലതുപക്ഷം ശ്രമിക്കു ന്നതുപോലെ സമുദായത്തെ മൊത്തം പിശാച്വത്കരിക്കുകയും ചെയ്യുമ്പോൾ കഥ കഴിക്കാനായി ചുമരിലേക്ക് ചേർത്ത് നിർത്തപ്പെട്ട നിലയിലായിത്തീരും മുസ്‌ലിംകൾ. അത് വിനാശകരമായ ആഭ്യന്തര കലാപങ്ങളിലേക്ക് വഴിതു റന്നു കൂടെന്നില്ല. ഈ ആപത്കരമായ പരിണതി റാഡിക്കൽ ഇസ്‌ലാമിസ്റ്റു കളെയും ഹിന്ദുത്വഭീകരരെയും സന്തോ ഷിപ്പിച്ചേക്കാമെങ്കിലും, രാജ്യത്ത് സമാ ധാനത്തോടെ ജീവിക്കണമെന്ന് ആഗ്രഹി ക്കുന്ന ബഹുഭൂരിഭാഗം വരുന്ന മുസ്‌ലിം കൾക്കും ഹിന്ദുക്കൾക്കും അത് ഇടിത്തീ ആയിത്തീരുമെന്ന് തീർച്ച. ■

(www/twocircles.net/2008 oct 21)